**അറിയിപ്പ്**

## തടവിലാക്കിയ മത്സ്യത്തൊഴിലാളികളെ തിരിച്ചുകൊണ്ടുവരുന്നത് സംബന്ധിച്ച്

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വിഴിഞ്ഞത്തുനിന്നും 7 പേരെയും പുല്ലുവിള, പുതിയതുറ, അടിമലത്തുറ എന്നിവിടങ്ങളിൽ നിന്നും ഓരോരുത്തരെയുമുൾപ്പടെ 10 പേരെയും തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പൂന്തുറയിൽ നിന്ന് 2 പേരുമുൾപ്പടെ 32 പേർ ബ്രിട്ടീഷ് അധീനതയിലുള്ള ഡീഗോഗാർഷ്യ എന്ന ദ്വീപിൽ അവരുടെ അതിർത്തി ലംഘിച്ചുപോയി എന്ന പേരിൽ അറസ്റ്റിലായിട്ടുണ്ട്. അമേരിക്കയുടെ നിയന്ത്രണത്തിലുള്ള നാവികത്താവളത്തിലാണ് അവരെ അറസ്റ്റുചെയ്തുവച്ചിരിക്കുന്നത്. ഇവരെ മോചിപ്പിച്ച് തിരിച്ചുകൊണ്ടുവരുന്നതിനു വേണ്ടി ഗവൺമെന്റ് സത്വരനടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ:</u> ഇക്കാര്യം ശ്രീ. ജോൺ ഫെർണാണ്ടസും രാവിലെ ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് പരിശോധിച്ച് സർക്കാർ നാളെ മറുപടി പറയും.